# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം -പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. ജെ. ആർ. ഗോപകുമാറിന് കെ. എസ് & എസ്.എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം അഡീഷണൽ ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 997/2013/തസ്വഭവ തീയതി, തിരുവനന്തപുരം 15/04/2013

====================================================================

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 02/04/2013 -ലെ ഇ11- 10887/13 നമ്പർ നടപടിക്രമങ്ങൾ.
2) പഞ്ചായത്ത് ഡയറക്ടറുടെ 02/04/2013-ലെ ഇ11-310/12 നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എസ്. രാമചന്ദ്രൻ 31/05/2013-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി 15/04/2013 മുതൽ 47 ദിവസത്തെ പരിവർത്തിതാവധിക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അവധി അനുവദിച്ച് ഉത്തരവായതായും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട അടുത്ത ആൾ ശ്രീ. ജെ. ആർ. ഗോപകുമാർ ആണെന്നും ടിയാൻ സേവനത്തിൽ നിന്നും വിരമിക്കുന്ന 31/05/2013-ന് മുമ്പ് അർഹതപ്പെട്ട അവസരം നഷ്ടപ്പെടാതിരിക്കാൻ കെ.എസ് & എസ്. എസ്.ആർ, ഭാഗം II ചട്ടം 31 എ(i) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിയമിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, ശ്രീ. ജെ. ആർ. ഗോപകുമാറിന്റെ പേരിൽ വിജിലൻസ് കേസുകളോ, അച്ചടക്കനടപടികളോ നിലവിലില്ലെന്നും ടിയാന് അഡീഷണൽ ഡയറക്ടറായി ഉദ്യോഗക്കയറ്റം ലഭിക്കുകയാണെങ്കിൽ അടുത്തുചേരുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ വച്ച് നിയമനം ക്രമീകരിക്കുന്നതിന് നടപടി കൈക്കൊള്ളാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, ശ്രീ. ജെ. ആർ. ഗോപകുമാറിന് കെ. എസ് & എസ്. എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം പഞ്ചായത്ത് അഡീഷണൽ ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി താൽക്കാലിക ഉദ്യോഗക്കയറ്റം അടുത്തുചേരുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗത്തിൽ വച്ച് ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ആർ കൃപാനന്ദൻ,**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ജെ. ആർ. ഗോപകുമാർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*